**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1420** **04-07-2022 - ൽ മറുപടിയ്ക്ക്**

**എസ്.സി.ഇ.ആർ.ടി.യിലെ അന്യത്രസേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എസ്.സി.ഇ.ആർ.ടി.യിലെ വിവിധ തസ്തികകളിൽ അന്യത്രസേവനത്തിനായി അപേക്ഷ ക്ഷണിക്കുമ്പോൾ ഗവേഷണപരിചയം ഉള്ളവർക്ക് അപേക്ഷിക്കാമെന്നിരിക്കെ, അധ്യാപകരല്ല എന്ന കാരണത്താൽ അപേക്ഷകൾ നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **എസ്.സി.ഇ.ആർ.ടി.യുടെ സർവ്വീസ് ചട്ട പ്രകാരം സർക്കാർ സ്കൂളുകൾ, സർക്കാർ അധ്യാപക പരിശീലന കേന്ദ്രങ്ങൾ, സർക്കാർ കോളേജുകൾ, സർക്കാർ ട്രെയിനിംഗ് കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ അധ്യാപകരായി ജോലി ചെയ്യുന്നവരെയാണ് എസ്.സി.ഇ.ആർ.ടി യിലെ റിസർച്ച് ഓഫീസർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരിഗണിക്കുന്നത്. നിയമിക്കപ്പെടുന്നവർക്ക് താഴെ പറയുന്ന വിദ്യാഭ്യാസ യോഗ്യതയും ഉണ്ടായിരിക്കണം**<br><br>**1. 55% മാർക്കിൽ കുറയാത്ത പി.ജി ബിരുദം**<br><br>**2. 55% മാർക്കിൽ കുറയാത്ത എം.എഡ് ബിരുദം**<br><br>**3. ഗവ/എയ്ഡഡ് സ്കൂൾ, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഡയറ്റ് എന്നിവയിലേതിലെങ്കിലുമുള്ള മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയം.**<br><br>**4. പി.എച്ച്.ഡി അഭികാമ്യം.**<br><br>**പ്രസ്തുത യോഗ്യതയുള്ളവരെ വിദഗ്ധ സമിതിയുടെ അഭിമുഖ്യത്തിലൂടെയാണ് എസ്.സി.ഇ.ആർ.ടി യിലെ അക്കാദമിക വിഭാഗത്തിൽ അന്യത്ര സേവനത്തിൽ നിയമിക്കുന്നത്. നിലവിലുള്ള സർവ്വീസ് ചട്ട പ്രകാരം അനധ്യാപകരെ മേൽ തസ്തികകളിൽ നിയമിക്കാനാവില്ല.** |
| (ബി) | എങ്കിൽ ഗവേഷണ പരിചയമുള്ള അധ്യാപകേതര തസ്തികകളിൽ ജോലിചെയ്യുന്നവരെയും പ്രസ്തുത തസ്തികകളിൽ പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | (ബി) | **എസ്.സി.ഇ.ആർ.ടി.യുടെ സർവ്വീസ് ചട്ട പ്രകാരം സർക്കാർ സ്കൂളുകൾ, സർക്കാർ അധ്യാപക പരിശീലന കേന്ദ്രങ്ങൾ, സർക്കാർ കോളേജുകൾ, സർക്കാർ ട്രെയിനിംഗ് കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ അധ്യാപകരായി ജോലി ചെയ്യുന്നവരെയാണ് എസ്.സി.ഇ.ആർ.ടി** |

| | | | |
|---|---|---|---|
| | | | **യിലെ റിസർച്ച് ഓഫീസർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരിഗണിക്കുന്നത്.<br>നിയമിക്കപ്പെടുന്നവർക്ക് താഴെ പറയുന്ന വിദ്യാഭ്യാസ യോഗ്യതയും ഉണ്ടായിരിക്കണം<br><br>1. 55% മാർക്കിൽ കുറയാത്ത പി.ജി ബിരുദം<br><br>2. 55% മാർക്കിൽ കുറയാത്ത എം.എഡ് ബിരുദം<br><br>3. ഗവ/എയ്ഡഡ് സ്കൂൾ, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഡയറ്റ് എന്നിവയിലേതിലെങ്കിലുമുള്ള മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയം.<br><br>4. പി.എച്ച്.ഡി അഭികാമ്യം.<br><br>പ്രസ്തുത യോഗ്യതയുള്ളവരെ വിദഗ്ദ്ധ സമിതിയുടെ അഭിമുഖ്യത്തിലൂടെയാണ് എസ്.സി.ഇ.ആർ.ടി യിലെ അക്കാദമിക വിഭാഗത്തിൽ അന്യത്ര സേവനത്തിൽ നിയമിക്കുന്നത്. നിലവിലുള്ള സർവ്വീസ് ചട്ട പ്രകാരം അനധ്യാപകരെ മേൽ തസ്തികകളിൽ നിയമിക്കാനാവില്ല.** |

സെക്ഷൻ ഓഫീസർ